# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T.1249 15-06-2012 - ലെ മറുപടിക്ക്

"സംസ്ഥാനങ്ങളുടെ വികസന പദ്ധതികളുടെ രൂപരേഖ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വികസന അജണ്ട നിശ്ചയിക്കുന്ന പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | നാഷണൽ ഇന്നവേഷൻ കൗൺസിലിന്റെ അദ്ധ്യക്ഷനും സംസ്ഥാനത്തിന്റെ മാർഗ്ഗദർശിയുമായ ശ്രീ. സാംപിട്രോഡ, 2012 ജനുവരി 25 ന് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ കേരളത്തിന്റെ സമഗ്ര വികസനത്തിനായി 10 പദ്ധതികൾ നിർദ്ദേശിക്കുകയുണ്ടായി. ഇതിൽ 5 പദ്ധതികളുടെ രൂപരേഖ മന്ത്രിസഭാ അംഗങ്ങളുടേയും മറ്റ് ബന്ധപ്പെട്ട വ്യക്തികളുടേയും സാന്നിദ്ധ്യത്തിൽ 28-05-2012 - ന് തിരുവനന്തപുരത്തുവച്ച് കൂടിയ അവലോകനയോഗത്തിൽ ശ്രീ. സാംപിട്രോഡ അവതരിപ്പിച്ചു. 10 പദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ, ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ്, ദേശീയ ഇന്നവേഷൻ കൗൺസിലിന്റെ പ്രതിനിധികൾ എന്നിവരടങ്ങുന്ന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിശദ പദ്ധതി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി 10 ഉപസമിതികളും രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം പദ്ധതികൾക്കാണ് രൂപരേഖ തയ്യാറാക്കുന്നത്; | (ബി) | വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1. തീരദേശ ജലപാത<br>2. നോളജ് സിറ്റി<br>3. ആയുർവേദത്തിന്റെ ആധുനീകരണം<br>4. മാലിന്യ പരിപാലനം<br>5. ഇ-ഗവേണൻസ്<br>6. നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും<br>7. ആരോഗ്യ ഇൻഷുറൻസ്<br>8. വിരമിച്ചവരുടെ വൈദഗ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകുംവിധം ഉപയോഗിക്കുക<br>9. പരമ്പരാഗത മേഖലകളുടെ ആധുനീകരണം<br>10. ഹൈസ്പീഡ് റെയിൽ കോറിഡോർ |
| (സി) | പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (സി) | വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്. |
| (ഡി) | പദ്ധതികളുടെ ഏകോപനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | ഏകോപനത്തിനായി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തുടർച്ചയായി പുരോഗതി അവലോകനം ചെയ്യുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.